പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3358 24.02.2016-ൽ മറുപടിക്ക്

## കൊയിലാണ്ടിയിൽ കെ.എസ്.ആർ.ടി.സിക്ക് ഓപ്പറേറ്റിംഗ് സെന്റർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊയിലാണ്ടി നഗരം കേന്ദ്രീകരിച്ച് കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്റർ അനുവദിക്കണമെന്ന ആവശ്യം നിരന്തരമായി ഉയർന്നു വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ആവശ്യത്തിന് നിയമസഭാ സാമാജികനിൽ നിന്ന് ലഭിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ; | (എ) യും (ബി) യും | ഉണ്ട്.<br>ബഹു.എം.എൽ.എ.യുടെ കത്തിന്റെ അടിസ്ഥാനത്തിൽ കൊയിലാണ്ടിയിൽ ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി സാധ്യതാപഠനം നടത്തിയിട്ടുണ്ട്. കൊയിലാണ്ടിയിൽ ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങുന്നത് ഗുണകരമാകുമെന്നാണ് സാധ്യതാപഠനത്തിലൂടെ വെളിപ്പെട്ടത്. എന്നാൽ ഒരു ഓപ്പറേറ്റിംഗ് സെന്ററിന് ആവശ്യമായ സ്ഥലവും, കെട്ടിടങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും, ബന്ധപ്പെട്ട നഗരസഭയോ, ഗ്രാമപഞ്ചായത്തോ ഒരുക്കി തന്നാലും തുടർ പ്രവർത്തന ചെലവുകൾക്ക് മാത്രമായി പ്രതിമാസം ശരാശരി 50 ലക്ഷം രൂപ കെ.എസ്.ആർ.ടി.സി.ക്ക് ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കെ.എസ്.ആർ.ടി.സിയുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഒരു തരത്തിലുമുള്ള ബാധ്യതയും ഏറ്റെടുക്കുവാൻ കഴിയാത്തതിനാൽ കൊയിലാണ്ടിയിൽ ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല. |
| (ബി) | സെന്ററിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാമെന്ന് കൊയിലാണ്ടി നഗരസഭ അറിയിച്ചിട്ടും സർക്കാരിന്റെ ഭാഗത്തു നിന്ന് അനുകൂല നടപടികൾ ഉണ്ടാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | കോഴിക്കോട് സോണൽ ഓഫീസർ ഈ വിഷയത്തിൽ സർവ്വേ നടത്തി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കാമോ; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | കോഴിക്കോട് സോണൽ ഓഫീസർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. കോഴിക്കോട് സോണൽ ഓഫീസർ കെ.എസ്.ആർ.റ്റി.സി. ജനറൽ മാനേജർക്ക് സമർപ്പിച്ച കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

ഇസെഡ്.ഒ /0892 /12/ കെ.കെ.ഡി

സോണൽ ആഫീസറുടെ കാര്യാലയം,
നോർത്ത് സോൺ 5, കോഴിക്കോട്,
ഇ-*മെയിൽ* : **ctokkd@gmail.com**
ഫോൺ: **0495- 2727458**,തിയ്യതി 01.08.2012

പ്രേക്ഷിതൻ

സോണൽ ആഫീസർ

സ്വീകർത്താവ്

ബഹു: ജനറൽ മാനേജർ,
കെ.എസ്.ആർ.ടി.സി, ട്രാൻസ്പോർട്ട് ഭവൻ,
തിരുവനന്തപുരം.

സർ,

വിഷയം:- കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിൽ കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്റർ അനുവദിക്കണമെന്ന ശ്രീ.കെ.ദാസൻ എം.എൽ.എയുടെ ആവശ്യം സംബന്ധിച്ച്.

സൂചന:- 1. ശ്രീ.കെ.ദാസൻ എം.എൽ.എയുടെ 08.06.2012 തിയ്യതിയിലെ കത്ത്.
2. ശ്രീ.കെ.ദാസൻ, എം.എൽ.എ 01.07.2012 തിയ്യതിയിൽ ഡി.ടി.ഒ, കോഴിക്കോടിന് സമർപ്പിച്ച നിവേദനം.

മേൽ സൂചനകൾ പ്രകാരം ഈ ആഫീസിലെ ഇൻസ്പെക്ടർ ശ്രീ.പി.കെ.സോമനും കോഴിക്കോട് ഡി.ടി.ഒ-യും നടത്തിയ അന്വേഷണപ്രകാരം സമർപ്പിച്ച റിപ്പോർട്ടുകൾ ഇതോടൊപ്പം അടക്കം ചെയ്യുന്നു.

കോഴിക്കോട് ജില്ലയിലെ വളരെ വാണിജ്യ പ്രാധാന്യമുള്ള നഗരം എന്ന നിലയിലും ഗ്രാമപ്രദേശങ്ങളുമായി കൂടുതൽ ബന്ധപ്പെട്ടു കിടക്കുന്ന പ്രദേശം എന്ന നിലയിലും ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാകുന്ന പക്ഷം കെ.എസ്.ആർ.ടി.സിയുടെ ബാധ്യതകൾ കൂടി പരിഗണിച്ച ശേഷം സാമൂഹ്യപ്രതിബദ്ധത കൂടി കണക്കിലെടുത്ത് കൂടുതൽ സർവ്വീസുകൾ തുടങ്ങുന്നതിലേയ്ക്കായി കൊയിലാണ്ടിയിൽ ഒരു ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങാവുന്നതാണെന്ന് ബോധിപ്പിയ്ക്കുന്നു. കെ.എസ്.ആർ.ടി.സിയ്ക്കായി ലഭ്യമാകുന്ന അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് രേഖാമൂലം വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും നഗരസഭാ അധികൃതർ അതിനു തയ്യാറായിട്ടില്ല എന്ന വസ്തുതയും ബോധിപ്പിയ്ക്കുന്നു.

വിശ്വസ്തതയോടെ,

ഒപ്പ് /
സോണൽ ആഫീസർ